**പതിനാലാം കേരള നിയമസഭ**
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 47 25-04-2017-ൽ മറുപടിക്ക്

## മുഖ്യമന്ത്രിയുടെ ഉപദേശകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

**ചോദ്യം**
ശ്രീ.പാറക്കൽ അബ്ദുല്ല

**ഉത്തരം**
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | മുഖ്യമന്ത്രിക്ക് വിവിധ മേഖലകളിലായി ഇപ്പോൾ എത്ര ഉപദേശകരുണ്ട് ; | (എ) | വിവിധ മേഖലകളിലായി മുഖ്യമന്ത്രിയ്ക്ക് നിലവിൽ 6 ഉപദേശകർ ഉണ്ട്. |
| (ബി) | പോലീസ്, ശാസ്ത്രം, സാമ്പത്തികം, വികസനം, നിയമം, മാധ്യമം എന്നീ മേഖലകളിൽ മുഖ്യമന്ത്രിയുടെ ഉപദേശകർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) | ആഭ്യന്തര വകുപ്പ് ഉപദേഷ്ടാവ് -ശ്രീ. രമൺശ്രീവാസ്തവ<br>ശാസ്ത്ര‌ഉപദേഷ്ടാവ് - ശ്രീ. എം.ചന്ദ്രദത്തൻ<br>സാമ്പത്തിക ഉപദേഷ്ടാവ് - ശ്രീമതി. ഗീതാ ഗോപിനാഥ്<br>നിയമ ഉപദേഷ്ടാവ് - ഡോ.എൻ.കെ.ജയകുമാർ<br>മീഡിയ ഉപദേഷ്ടാവ് - ശ്രീ. ജോൺ ബ്രിട്ടാസ്<br>പ്രസ് അഡ്വൈസർ - ശ്രീ. പ്രഭാകരവർമ്മ<br>വികസനം- ഉപദേഷ്ടാവിനെ നിയമിച്ചിട്ടില്ല. |
| (സി) | മുഖ്യമന്ത്രിയുടെ ഉപദേശകർ എന്ന നിലയിൽ ഇവർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ? | (സി) | മുഖ്യമന്ത്രിയുടെ സയൻറിഫിക്ക് അഡ്വൈസറായ ശ്രീ.എം.ചന്ദ്രദത്തൻ, മീഡിയ അഡ്വൈസറായ ശ്രീ.ജോൺ ബ്രിട്ടാസ്, സാമ്പത്തിക ഉപദേഷ്ടാവായ ശ്രീമതി.ഗീതാ ഗോപിനാഥ്, ആഭ്യന്തര വകുപ്പ് ഉപദേഷ്ടാവായ ശ്രീ.രമൺശ്രീവാസ്തവ എന്നിവർ പ്രതിഫലം കൂടാതെ സേവനമനുഷ്ഠിക്കുമെന്ന വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ പ്രസ് അഡ്വൈസറായ ശ്രീ.പ്രഭാകരവർമ്മയെ 93,000-1,20,000 എന്ന ശമ്പളസ്കെയിലിലും അഡ്വൈസർ (ലോ) ആയ ഡോ.എൻ.കെ.ജയകുമാറിനെ 77,400-1,15,200 എന്ന ശമ്പളസ്കെയിലിൽ പുനർനിയമന വ്യവസ്ഥയിൽ പ്രതിഫലം നൽകിക്കൊണ്ട് നിയമിച്ചിട്ടുണ്ട്. ഉപദേശകർ ആവശ്യപ്പെടുന്ന തനുസരിച്ച് സെക്രട്ടറിയേറ്റിൽ ഓഫീസ് സൗകര്യവും ടൂറിസം വകുപ്പിൽ നിന്ന് വാഹന സൗകര്യവും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ